B18

# അക്ഷരം പഠിക്കുവിൻ



518

# അക്ഷരം പഠിക്കുവിൻ

(സാക്ഷരതാഗാനങ്ങൾ)

എൻ. വി. കൃഷ്ണവാരിയർ

കേരള സ്റ്റേറ്റ് റിസോഴ്സ് സെൻറർ
കാൻഫെഡ്
തിരുവനന്തപുരം-14

വില 50 പൈസ

*(Malayalam)*

*AKSHARAM PATHIKKUVIN*

*(Literacy Songs)*

*First published August 1978*

*Author:*

*N. V. KRISHNA WARRIOR*

*© Copy right N. V. KRISHNA WARRIOR (1978)*

*Printed at*

*Ratheesh Printers, Thampanoor, Tvm-1*

*Price 50 Ps*

*Published by*

*State Resource Centre Kerala*

*(Kanfed)*

*Trivandrum-14.*

# പ്രസ്താവന

വിപുലമായ ഒരു ദേശീയ വയോജന വിദ്യാഭ്യാസ പരിപാടി ഈ ഒക്ടോബർ 2 മുതൽ ഇന്ത്യയിൽ നടപ്പിലാക്കാൻ പോവുകയാണല്ലോ. നിരക്ഷരരായ പത്തു കോടി വയോജനങ്ങളെയെങ്കിലും സാക്ഷരർ ആക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. രാജ്യത്തിലെ രാഷ്ട്രീയ–തൊഴിൽപര–സാമൂഹ്യ–സേവന–സംഘടനകളുടെ മുഴുവൻ സഹകരണത്തോടെ, ഒരു ബഹുജനപ്രസ്ഥാനമായി, സംഘടിപ്പിച്ചാൽ മാത്രമേ ദേശീയവയോജനവിദ്യാഭ്യാസ പരിപാടി ഉദ്ദിഷ്ടലക്ഷ്യം നേടുകയുള്ളു.

ബഹുജനങ്ങളെ ഈ പരിപാടിക്കു വേണ്ടി അണിനിരത്തുന്നതിന് എല്ലാ ബഹുജനമാധ്യമങ്ങളും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ പാട്ടുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. സാക്ഷരതയുടെ പ്രാധാന്യം ഊന്നിപ്പറയുന്ന ലളിതഗാനങ്ങൾ ധാരാളമായി പാടി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു.

ഇത്തരം പാട്ടുകൾ രചിക്കുവാൻ കഴിവും താൽപര്യവുമുള്ളവർക്ക് ഉത്തേജനം നൽകാൻ വേണ്ടിയാണ് സ്റ്റേറ്റ് റിസോഴ്സ് സെന്റർ ''അക്ഷരം പഠിക്കുവിൻ'' എന്ന ഈ ലഘുപുസ്തകം പ്രസിദ്ധീകരിക്കുന്നത്. ശ്രീ എൻ. വി. കൃഷ്ണവാരിയർ എഴുതിയ പത്ത് ഗാനങ്ങളാണ് ഇതിൽ. ഈ പാട്ടുകൾ സാക്ഷരതാപ്രചാരണം സംബന്ധിച്ച യോഗങ്ങളിലും ജാഥകളിലും പാടുവാൻ പ്രയോജനപ്പെടുമെന്ന് ഞങ്ങൾ ആശിക്കുന്നു.

**സ്റ്റേറ്റ് റിസോഴ്സ് സെന്റർ**

**പ്രസിദ്ധീകരണവിഭാഗം**

# വിഷയവിവരം


1. എഴുന്നേൽപിൻ
2. രാമൻ അക്ഷരം പഠിച്ച കഥ
3. പഠിക്കുന്നവരുടെ പാട്ട്
4. കുട്ടൻ അക്ഷരം പഠിച്ച കഥ
5. പുസ്തകങ്ങൾ
6. ചോദിച്ചറിയുക
7. അവയുടെ അർത്ഥം
8. ഒരു സംഘഗാനം
9. ചേരിവാസികളുടെ പാട്ട്
10. അക്ഷരം പഠിക്കണം


# എഴുന്നേൽപിൻ

എഴുതുവാൻ, വായിക്കുവാൻ,
കണക്കു വെയ്ക്കുവാ, നെണ്ണാൻ
അറിഞ്ഞുകൂടെങ്കിൽ നിങ്ങൾ മനുഷ്യരാമോ?
ഉണരുവി, നൊരുങ്ങുവി,–
നുടൻ തന്നെ സംഘടിപ്പിൻ,
അണയുവിനടുത്തെഴുമക്ഷരകേന്ദ്രം!
ആറു മാസം മാത്രം പോരു-
മക്ഷരങ്ങൾ പഠിക്കുവാൻ,
ഭാവി നന്നാക്കുവാനുള്ള മാർഗമിതല്ലോ.
വായിക്കുവാൻ വളരുവാൻ
ചിന്തിച്ചുദ്ബുദ്ധത നേടാൻ
വൈകിയിട്ടില്ലല്ലോ കാല, മറിഞ്ഞീടുവിൻ,
അന്ധകാരമകററുവാ-
നക്ഷരമാം ദീപവുമായ്
ഞങ്ങൾ വന്നു വാതിൽ മുട്ടി വിളിച്ചിടുന്നു!
എഴുന്നേല്പിൻ, കൺമിഴിപ്പിൻ,
കൈകൾ കോർത്തു പിടിക്കുവിൻ,
എഴുതുവാൻ വായിക്കുവാനഭ്യസിക്കുവിൻ!

# രാമൻ അക്ഷരം പഠിച്ച കഥ

അക്‌ഷരമൊന്നും പഠിക്കാത്ത രാമന്നൊ-
രാഗ്രഹം സീതയെക്കെട്ടുവാനായ്‌.
സുന്‌ദരിയത്രേ, സുശീലയത്രേ സീത,
നന്നായ്‌പ്പണിയെടുത്തീടുമത്രേ;
ഞാറു നടുവാൻ, കളയെടുത്തീടുവാൻ
ചേറിൽപ്പുലർച്ചയ്‌ക്കിറങ്ങിയെന്നാൽ
പിന്നെ നട്ടുച്ചയാവാതെ വയൽ വിട്ടു
പെണ്ണു കരേറി വരില്ലയത്രേ;
ആറു സെൻേറാളം പുരയിടം പെണ്ണിൻെറ
പേരിലുണ്ടെന്നതും സത്യമത്രേ;
കൊച്ചന്നു സീതയെക്കെട്ടിക്കൊടുക്കുവാൻ
അച്‌ഛന്നും ചേട്ടന്നുമിഷ്‌ടമത്രേ.

എങ്കിലും "രാമനെക്കെട്ടില്ല ഞാൻ" എന്നു
ശങ്ക കൂടാതെ ശഠിച്ചു സീത:
"എന്തു കുറവാണു രാമന്‌? നീയെന്തി-
നിങ്ങനെ വാശി പിടിച്ചിടുന്നു?
നല്ല പണിക്കാരനാണവൻ; മാത്രമോ,
കള്ളു കുടിക്കുന്ന ശീലമില്ല.
കണ്ടാലുമെത്രയും കോമളനാണവൻ,
വേണ്ടാസനമവന്നൊന്നുമില്ല.
ചോദിച്ചതില്ലവൻ സ്‌ത്രീധനമൊന്നുമേ;
മോഹിച്ചു കെട്ടുവാൻ വന്നതല്ലേ?



രാമനെ വേണ്ടെന്നു വെച്ചാൽ നിനക്കേതു
കേമൻ വരാനിരിക്കുന്നു പെണ്ണേ? "
അച്‌ഛനീ മട്ടു പറഞ്ഞതു കേൾക്കവേ
ലജ്ജിച്ചു സീത പറഞ്ഞു മെല്ലെ:
"അക്‌ഷരമൊന്നും പഠിക്കാത്ത മൂഢൻെറ
കൊച്ചിൻെറ തള്ളയായ്‌ത്തീരണോ ഞാൻ?"

ഈ വർത്തമാനം ചെവിയിലെത്തീടവേ
രാമൻ പറഞ്ഞു ദൃഢസ്വരത്തിൽ:
"എന്തൊരു തൻേറടമപ്പെണ്ണി, നോർക്കുകിൽ
പെൺപിള്ളരിങ്ങിനെ തന്നെ വേണം!
നാലാഴ്‌ച കൊണ്ടു പഠിക്കും ഞാനക്‌ഷരം
വായിച്ചിടാനുമെഴുതുവാനും.
വായനശാലയിൽ ക്‌ളാസു നടക്കുന്നു;
ചേരുകയാണു ഞാനിന്നു തന്നെ."

രാമൻെറ കയ്യക്‌ഷരത്തിലൊരു കത്തു
സീതയ്‌ക്കു വൈകാതെ കിട്ടിയത്രേ.
തൻേറടക്കാരിയാം സീതയെക്കെട്ടിപോൽ
രണ്ടു മാസത്തിന്നകത്തു രാമൻ.
രണ്ടു പേരും ചേർന്നിരുന്നു രാമായണം
സന്‌ധ്യയ്‌ക്കു വായിച്ചിടുന്നു നിത്യം!
എന്തു സന്തോഷമാ,ണെന്തു സംതൃപ്‌തിയാ-
ണെന്തൊരൈശ്വര്യമാണക്കുടിലിൽ!

# പഠിക്കുന്നവരുടെ പാട്ട്

സമയമായ്! ആദ്യം തൊട്ടു
പഠിക്കുവിൻ മേലേ മേലേ;
സമയമായ്! വൈകീലൊട്ടും:
സമയമിപ്പോൾ!
അക്ഷരങ്ങൾ പഠിക്കുവിൻ!
അതു മാത്രം പോരെന്നാലും
അക്ഷരങ്ങൾ പഠിക്കുവിൻ
തളർന്നിടാതെ!
തുടങ്ങുവിൻ! അറിയേണ്ട-
തഖിലവുമറിയുവിൻ!
തുടങ്ങുവിൻ! നേതൃസ്ഥാന-
മേറ്റെടുക്കുവിൻ!

പഠിക്കുവിൻ നാടു വിട്ടു
നാടു തെണ്ടും സഖാക്കളേ!
പഠിക്കുവിൻ ജയിലുകൾ-
ക്കുള്ളിലുള്ളോരേ!
പഠിക്കുവിനടുക്കള-
ക്കാരിമാരാമമ്മമാരേ!
പഠിക്കുവിൻ ഷഷ്ടിപൂർത്തി
കഴിഞ്ഞവരേ!



നാടിതിനെ നയിക്കേണ്ടും
ബാധ്യതയുള്ളവർ നിങ്ങൾ;
വീടില്ലാത്തോരൊന്നിക്കുവിൻ!
സ്കൂളിലെത്തുവിൻ!
പുസ്തകമേന്തുവിൻ കൈയിൽ
വയറെരിപൊരിവോരേ!
പുസ്തകം പോൽ കരുത്തെഴു-
മായുധമുണ്ടോ?

തേടീടുവിനറിവുക-
ളുടുതുണിയില്ലാത്തോരേ!
നാടിതിനെ നയിക്കേണ്ടോർ
നിങ്ങളാണല്ലോ!
കണ്ടറിഞ്ഞീടുവിൻ; കേട്ടു
വിശ്വസിക്കാതിരിക്കുവിൻ!
ഉണ്ടു ചോദ്യമുള്ളിലെന്നാ-
ലുടൻ ചോദിപ്പിൻ!
നിങ്ങൾ നേരിട്ടറിയാത്തോ-
രറിവുകളൊന്നും തന്നെ
നിങ്ങളുടെയറിവല്ലെ-
ന്നറിഞ്ഞീടുവിൻ!
കൂട്ടുവാനും കുറയ്ക്കാനും
പഠിക്കുവിൻ; പല കടം
വീട്ടുവാനുണ്ടെന്നു നിങ്ങൾ
മറന്നിടായ്‌വിൻ!

കണ്ടതെല്ലാം വിരൽ കൊണ്ടു
തൊട്ടു നോക്കി ചോദ്യം ചെയ്‌വിൻ:
"എങ്ങു നിന്നീച്ചരക്കി,താ-
രെ,ങ്ങിനെ തീർത്തു?"
നാടിതിനെ നയിക്കേണ്ടും
ചുമതലയേററെടുക്കാൻ
നേരമായി; നിങ്ങളൊത്തു
പഠിച്ചീടുവിൻ!

(ബെർട്ടോൾട് ബ്രെഷ്ത് എന്ന ജർമ്മൻ മഹാകവിയുടെ ഒരു ഗാനത്തിന്റെ വിവർത്തനം)



# കുട്ടൻ അക്ഷരം പഠിച്ച കഥ

ക്‌ളാസിലൊരു ദിനം വൈകിയ കാരണം
കുട്ടനെ ബെഞ്ചിൽക്കയററി നിർത്തി
നീട്ടിയ കൈകളിലയ്യഞ്ചു സമ്മാനം
നേർത്തതാം ചൂരലാൽ നൽകി ടീച്ചർ.

അന്നവൻ സ്‌കൂളിൻ പടി കടന്നേപ്പിന്നെ
അങ്ങോട്ടൊരിക്കലും ചെന്നതില്ല.
കുട്ടൻ വരാത്തതിൻ കാരണമെന്തെന്നു
നോക്കുവാൻ ടീച്ചർ തുനിഞ്ഞതില്ല.
സ്‌കൂളിലേയ്‌ക്കല്ലവൻ പോകുന്നതെന്നമ്മ
നാളേറെയായുമറിഞ്ഞുമില്ല.

ചന്തക്കവലയിൽച്ചുററിക്കറങ്ങിയും
അണ്ടി കളിച്ചും പുക വലിച്ചും
അമ്മയോടെന്നും വഴക്കടിച്ചും കുട്ട-
നങ്ങനെ ബാല്യം കഴിച്ചു കൂട്ടി.

പത്തു സംവൽസരമിങ്ങനെ പോയപ്പോൾ
കുട്ടന്നു തെല്ലൊരു ബുദ്‌ധി വന്നു.
പത്താംതരം കഴിഞ്ഞെത്തിപ്പോയ്
കോളേജിൽ
കുട്ടിത്തരത്തിലെ കൂട്ടരെല്ലാം.

ബെഞ്ചിലവനൊത്തിരുന്ന വർഗീസിന്നു
പഞ്ചായത്താപ്പീസിൽ ജോലിയായി.
പോലീസുകാരനായ്ച്ചന്തക്കവലയിൽ
നീലാണ്ടൻ തൊപ്പി ധരിച്ചു നിൽക്കേ
എന്തു മര്യാദയാ,ണെന്തു സൽക്കാരമാ;-
ണെല്ലാരും "സാർ" എന്നേ ചൊൽകയുള്ളൂ.

കന്നൂട്ടിച്ചെക്കനായ്ക്കാലംകഴിക്കുന്ന
തന്നോടു കുട്ടന്നവജ്ഞ തോന്നി.
ബീഡി വലിച്ചു കറങ്ങും തനിക്കെന്തു
ഭാവിയാണെന്നവനോർത്തു നോക്കി.
വീണ്ടും പഠിച്ചു വിവരമുണ്ടാക്കുവാൻ,
എന്തെങ്കിലുമൊരു ജോലി നേടാൻ,
നല്ലവനെന്ന പേർ നാലാൾ പറയുവാൻ
ഉള്ളിലവന്നു കൊതി മുഴുത്തു.

എങ്കിലു, മിത്രയും പ്രായമായുള്ളവ-
നെങ്ങനെ സ്കൂളിൽക്കടന്നു കൂടും?
തെങ്ങു കണക്കേ വളർന്നോരു ചെക്കനെ
എങ്ങനെ ബെഞ്ചിലിരുത്തും ടീച്ചർ?

വായനശാലയിൽ ക്ലാസു തുടങ്ങിയ
വാർത്തയതിന്നിടെക്കേട്ടു കുട്ടൻ.
ഒട്ടും മടിയ്ക്കാതെയങ്ങു ചെന്നിട്ടൊരു
മുക്കിലിരുന്നവൻ നോക്കി രംഗം.



ക്ലാസെടുക്കുന്ന പ്രവർത്തകനാരെന്നോ?
കേശവൻ, പണ്ടത്തെ കൂട്ടുകാരൻ!

കുട്ടന്റെ കൈ പിടിച്ചാദരിച്ചെത്രയു-
മിഷ്ടമായുള്ള കുശലമോതി
പണ്ടു പഠിച്ചു മറന്നതാമക്ഷരം
വീണ്ടും പഠിപ്പിച്ചു കൂട്ടുകാരൻ.

അക്ഷരമെല്ലാം പഠിച്ചു കഴിഞ്ഞപ്പോൾ
ആത്മാഭിമാനമറിഞ്ഞു കുട്ടൻ.
യത്നിച്ചു നിത്യം പഠിച്ചു പുരോഗതി-
യെത്രയും രണ്ടാണ്ടു കൊണ്ടു നേടി
പത്താംതരത്തിൽ പരീക്ഷയിൽ
പ്രൈവറ്റായ്
ശ്രദ്ധിച്ചെഴുതി ജയിച്ചു കുട്ടൻ.
നാട്ടിൽച്ചെറിയൊരു ജോലി കിട്ടാൻ പിന്നെ-
യൊട്ടും വിഷമമുണ്ടായതില്ല.

ജോലി കഴിയേണ്ട താമസം, നിത്യവും
വായനശാലയിൽക്കുട്ടനെത്തും.
അക്ഷരജ്ഞാനം മുതിർന്ന നിരക്ഷരർ-
ക്കെത്തിക്കയാണവന്നേകലക്ഷ്യം.
കുട്ടൻ വയോജനക്ലാസെടുക്കുന്നതു
കേട്ടിരിക്കാൻ രസമെത്രയെന്നോ!
ആവും പടി ദേശസേവനം ചെയ്തവൻ
ആനന്ദപൂർണ്ണനായ് വാണിടുന്നു.

# പുസ്തകങ്ങൾ

പുസ്തകങ്ങളിലെന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ വിസ്മയമുണ്ട്;
പുസ്തകങ്ങളിലാനന്ദമുണ്ട്;
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്!

1

പുസ്തകങ്ങളിലെന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ വിസ്മയമുണ്ട്!
നമ്മളെപ്പോലൊരുത്തനീ മണ്ണിൻ
ബന്ധനം വിട്ടുയർന്നതാം കാര്യം.
വെന്തെരിയുന്ന റോക്കററിലേറി
ചന്ദ്രനിൽ ചെന്നിറങ്ങിയ കാര്യം.
ചാടിയോടിക്കളിച്ചു കൂത്താടി
ചന്ദ്രപ്പാറ പെറുക്കിയ കാര്യം.
വാഹനമേറി വീണ്ടുമിങ്ങെത്തി
വാരിധിയിലിറങ്ങിയ കാര്യം,
ദൂരദർശനപ്പെട്ടിയിൽ നാട്ടാർ
ധീരതയിതു കണ്ടതാം കാര്യം:
പുസ്തകങ്ങളിലിമ്മട്ടിലെത്ര
വിസ്മയങ്ങൾ നിറഞ്ഞിരിക്കുന്നു!



2

പുസ്തകങ്ങളിൽപ്പിന്നെയെന്തുണ്ട്?
പുസ്തകങ്ങളിലാനന്ദമുണ്ട്!
രാജപുത്രൻ കരബലത്താലേ
രാജപുത്രിയെ വേട്ടതാം കാര്യം,
രണ്ടാമമ്മതന്നേഷണി മൂലം
രണ്ടുപേരും വനം ചേർന്ന കാര്യം,
ദുഷ്ടരാക്ഷസൻ സുന്ദരിയാളെ-
ക്കട്ടു കോട്ടയിൽ പൂട്ടിയ കാര്യം,
കാനനങ്ങളിൽ രാജകുമാരൻ
കാന്തയെത്തേടി ക്ലേശിച്ച കാര്യം,
ശത്രുവെച്ചെന്നു നേരിട്ടു കൊന്നു
പത്നിയെ വീണ്ടെടുത്തതാം കാര്യം:
പുസ്തകങ്ങളിലാനന്ദമേകു-
മെത്രയെത്ര കഥകളുണ്ടെന്നോ!

3

പുസ്തകങ്ങളിൽ വേറെയെന്തുണ്ട്?
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്!
ആദിമാബ്ധിജലത്തിലന്നെന്നോ
ജീവബിന്ദു നുരഞ്ഞതാം കാര്യം,
ഒന്നനേകമായ്, സൂക്ഷ്മം മഹത്തായ്-
പ്പിന്നെ ജീവൻ വളർന്നതാം കാര്യം,

ശ്ലിഷ്ടമാം പരിണാമസോപാന-
ത്തട്ടിൽ മേൽപ്പോട്ടുതേറിയ കാര്യം.
മർത്ത്യനിൽ സ്വയംബോധത്തെ നേടി
സൃഷ്ടി സാഫല്യമാർന്നതാം കാര്യം.
ജ്ഞാനപൂർത്തിയിൽ ജീവിതസത്യം
മാനവൻ കാണുമെന്നുള്ള കാര്യം:
പുസ്തകങ്ങളിൽ സഞ്ചിതമത്രേ
മർത്ത്യവിജ്ഞാനസാരസർവ്വസ്വം !



## ചോദിച്ചറിയുക

ചോദിച്ചറിയുവിൻ കാര്യങ്ങളൊക്കെയും;
വായിച്ചു മേൻമേൽ വളർന്നു കൊൾവിൻ!
ചോദിച്ചവന്നു ലഭിച്ചീടുമുത്തരം;
ചോദ്യമറിവിൻ തുടക്കമത്രേ.
''ചോദിച്ചറിയുക''യെന്നു താനല്ലയോ
വേദങ്ങൾ വെവ്വേറെയോതിടുന്നു?
മർത്ത്യന്നു ദൈവം ദയ പൂണ്ടരുളിയ
നിസ്തുല്യമാം വരം ചോദ്യമത്രേ.
''സംശയാത്മാവു നശിക്കുന്നു'' വെന്നു നി-
സ്സംശയം ഗീത പറവതില്ലേ?
ചോദിച്ചറിയുന്ന കാര്യങ്ങൾ ചിന്തയാൽ
ശോധിച്ചുണയുവിൻ നിശ്ചയത്തിൽ.
നിശ്ചയമത്രേ പ്രവൃത്തി തൻ മാതാവ്;
നിശ്ചയിച്ചൊന്നിച്ചു വേല ചെയ്‌വിൻ!

ചോദിച്ചു ചോദിച്ചു പണ്ടുപണ്ടുള്ളവർ
നേടിയ വിജ്ഞാനരത്നമെല്ലാം
ആർക്കും കടന്നെടുത്തീടുവാൻ പറ്റാതെ
വെച്ചുള്ള പെട്ടികൾ പുസ്തകങ്ങൾ.

വായന കൊണ്ടേ മനുഷ്യൻ വളരുന്നു;
വായിച്ചു നിങ്ങൾ വളർന്നു കൊൾവിൻ!
വായിക്കുവാനറിവില്ലാത്ത മർത്ത്യനും
മാടുമൊരേ മട്ടിലെന്നു കേൾപ്പു.
വായിക്കുവാനറിവില്ല നിങ്ങൾക്കെങ്കി-
ലായതു നേടാൻ പരിശ്രമിക്കിൻ!
പ്രായമായെന്ന വിഷാദം വെടിയുവിൻ,
പ്രായം പഠിയ്ക്കേണ്ട കാലമത്രേ!
ഇപ്പോൾപ്പഠിക്കാതിരിക്കുകിൽ,പ്പിൻപതി-
ന്നൊക്കാതെ വന്നേയ്ക്കു മെന്നറിവിൻ!

ചോദിച്ചറിയുന്ന കാര്യങ്ങൾ ചിന്തയാൽ
ശോധിച്ചു സത്യം ഗ്രഹിച്ചു കൊൾവിൻ!
നിശ്ചയിച്ചൊന്നായ് പ്രവർത്തിച്ചു
മേൽക്കു മേൽ
മെച്ചപ്പെടുത്തുവിൻ ജീവിതത്തെ!
ചോദിച്ചറിഞ്ഞു ചിന്തിച്ചു സത്യം കണ്ടു
വായിച്ചു മേൻമേൽപ്പുരോഗമിക്കിൻ!



# അവയുടെ അർത്ഥം

സ്വാതന്ത്ര്യം

എത്രയും ബുദ്ധി മുട്ടി–പാലം കെട്ടി
ഇക്കരെയെത്തിയപ്പോൾ
എന്തിനിങ്ങെത്തിയെന്ന–കഥ തന്നെ
ഹന്ത, മറന്നു പോയ് നാം!

സോഷ്യലിസം

അക്ഷരം വായിക്കുവാൻ–അറിയാതെ
നാൽപ്പതു കോടിപ്പൗരർ
ഇന്ത്യയിൽ വാണിടുന്നു – ചിത്രം ചിത്രം
നമ്മുടെ സോഷ്യലിസം!

ജനാധിപത്യം

അഞ്ചാണ്ടു കൂടിടുമ്പോൾ–ഒരു ദിനം
നമ്മൾക്കു ബൂത്തിലെത്താം,
ചിത്രത്തിൽ വോട്ടു കുത്താം–ഇതെ
ന്തൊരു
ഗോഷ്ടിജനാധിപത്യം!

മതനിരപേക്ഷത

ജാതി ചോദിക്കരുതേ! മതാചാര്യൻ
ഓതി പോൽപ്പണ്ടൊരിക്കൽ.
ജാതിയല്ലാതെയൊന്നും–മതേതര-
ഭാരതം ചോദിപ്പീല!

## ഒരു സംഘഗാനം

അക്ഷരമെന്തെന്നറിയാത്തവരേ,
പള്ളിക്കൂടം കാണാത്തവരേ,
നഷ്ടപ്പെട്ടു കഴിഞ്ഞൊരവസര–
മോർത്ത് വിഷാദിച്ചീടുന്നവരേ,
എഴുന്നേററീടുക ! മുന്നോട്ടെത്തുക !
വിദ്യാഭ്യാസം നേടിക്കൊള്ളുക !
വഴി കാണിക്കാൻ ഞങ്ങൾ വരുന്നു !
ചങ്ങാതികളേ, ഞങ്ങൾ വരുന്നു !

നിങ്ങളെയാരു തുണയ്ക്കാനെത്തും
നിങ്ങടെ കുടപ്പിറവികളെന്യേ ?
നിങ്ങളെയാരു പഠിപ്പിച്ചീടും
നിങ്ങടെയാത്മസഹോദരരെന്യേ ?
അറിവിൻ പുസ്തകമാണൊരു കയ്യിൽ,
അലിവിൻ ദീപം മറേറക്കയ്യിൽ;
അണയുകയത്രേ നിങ്ങടെ സോദരർ
അക്ഷരവിദ്യാസന്ദേശവുമായ്!



സ്കൂളിൽപ്പോകാൻ നിങ്ങൾക്കവസര–
മുണ്ടായില്ലെന്നെന്തിനു ഖേദം ?
സ്കൂളുകൾ നിങ്ങളെയന്വേഷിച്ചിത
നിങ്ങടെ കുടിലിലണഞ്ഞീടുന്നു !
നല്ലൊരു കർമ്മം ചെയ്യണമെന്നാ–
ലിപ്പോഴത്രേ നല്ല മുഹൂർത്തം !
വല്ലതുമറിവുണ്ടാക്കണമെന്നാ–
ലിപ്പോഴത്രേ പററിയ സമയം!

വയർ പൊരിയുന്നോർക്കന്നം നൽകുക
പണമുള്ളവരുടെ പാവനകർമ്മം;
അറിവു കുറഞ്ഞോർക്കറിവു കൊടുക്കുക
കൂടുതലറിവുള്ളവരുടെ ധർമ്മം !
കോടി കണക്കിലനക്ഷരർ നമ്മുടെ
നാടിതിൽ വാഴും കാലത്തോളം
ഭാരതപൗരൻമാർ നാമെന്നായ്
മേൻമ നടിപ്പതിലെന്താണർത്ഥം ?

വിദ്യാർത്ഥിക,ളധ്യാപകർ, കർഷകർ,
തൊഴിലാളികൾ, തൊഴിൽ കിട്ടാതുള്ളവർ,
അക്ഷരദാനമഹായജ്ഞത്തി–
ന്നെല്ലാവരുമൊന്നിച്ചണയട്ടെ !
അക്ഷരമറിയാത്തവരേ, നിങ്ങൾ-
ക്കജ്ഞത മാത്രം നഷ്ടപ്പെടുവാൻ,

കിട്ടാനുള്ളതു വിജ്ഞാനത്തിൻ
വിസ്തൃതസുന്ദരശുഭനവലോകം!

എഴുനേററീടുക, മുന്നോട്ടണയുക,
വിദ്യാഭ്യാസം സമ്പാദിക്കുക !
വഴി കാണിക്കാൻ ഞങ്ങൾ വരുന്നൂ ;
ചങ്ങാതികളേ, ഞങ്ങൾ വരുന്നൂ !



# ചേരിവാസികളുടെ പാട്ട്

ചേററിൽ വിരിയുന്ന താമരപ്പൂക്കൾ പോൽ
ചേരിയിൽ വന്നു പിറന്നു ഞങ്ങൾ.
ചിന്തിച്ചു ഞങ്ങളുണർവു നേടിടുന്നു.
വായിച്ചു ഞങ്ങൾ വളർന്നിടുന്നു.
കുണ്ടുകിണററിൽത്തവളകളല്ലിനി.
വേണ്ടതു ഞങ്ങളറിഞ്ഞുവല്ലോ.
ജീവിതസൗഖ്യങ്ങളൊക്കെയും നേടാനും
ഭാവി മനോഹരമാക്കുവാനും
ഞങ്ങളൊരുമിച്ചു സംഘടിച്ചീടുന്നു.
ഞങ്ങൾ പരിപാടിയുണ്ടാക്കുന്നു.
മാററിടും ഞങ്ങളിച്ചേരി, നഗരത്തി-
ലേററവും സുന്ദരഭാഗമാക്കും!

# അക്ഷരം പഠിക്കണം

പുറത്തിരുട്ടകററുവാൻ
കൊളുത്തണം വിളക്കു നാം,
അകത്തിരുട്ടകററുവാൻ
അക്ഷരം പഠിക്കണം!
ഉടൽക്കരുത്തിനാസ്പദം
തടിച്ച മാംസപേശികൾ,
മനക്കരുത്തിനാസ്പദം
പഠിച്ചുറച്ച വിദ്യകൾ!
ഉയിർപ്പു സാക്ഷരൻ നരൻ,
മരിച്ചവൻ നിരക്ഷരൻ;
മൃതിക്ക മൃത്യു ചേർക്കുവിൻ,
പഠിച്ചുയിർത്തെണീക്കുവിൻ!
എഴുത്തു വായനക്കണ-
ക്കിതാം ത്രിമൂർത്തി സേവയാൽ
മനുഷ്യനായ് ജനിച്ചതിൻ
മഹാഫലങ്ങൾ നേടുവിൻ!
നിരക്ഷരത്വമാമിരു-
ട്ടകററി, യക്ഷരം തരും
വെളിച്ചമുള്ളിലേന്തുവിൻ!
പഠിച്ചുയർന്നു പോകുവിൻ!
പഠിച്ചുകൊൾവിനക്ഷരം
പഠിപ്പെഴാത്ത കൂട്ടരേ!
പഠിച്ചുകൊൾവിനക്ഷരം,
പഠിച്ചുകൊൾവിനക്ഷരം!

എസ്. ആർ. സി. പുസ്തകമാല—1

# അക്ഷരം പഠിക്കുവിൻ

സാക്ഷരതാ പ്രസ്ഥാനം സംബന്ധിച്ച സമ്മേളനങ്ങൾ, ജാഥകൾ, ക്ലാസുകൾ മുതലായവയിൽ ഒററയ്ക്കോ കൂട്ടായോ പാടാൻവേണ്ടി നിർമ്മിച്ച പത്തു പദ്യങ്ങളാണ് ഈ പുസ്തകത്തിൽ. "രാമൻ അക്ഷരം പഠിച്ച കഥ"യിൽ, ശരിയായ പ്രചോദനമുണ്ടെങ്കിൽ അക്ഷരവിദ്യ ഒരു മാസംകൊണ്ടു നേടാവുന്നതേയുള്ളു എന്ന് വ്യക്തമാക്കിയിരിക്കുന്നു. സ്കൂളിൽ ചേർന്നശേഷം ഇടയ്ക്കു പൊഴിഞ്ഞു പോകുന്നവരെ വീണ്ടും വിദ്യാഭ്യാസത്തിൻെറ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരുന്നതിനെക്കുറിച്ചാണ് "കുട്ടൻ അക്ഷരം പഠിച്ച കഥ" എന്ന കവിത. പുസ്തക പാരായണംകൊണ്ടുണ്ടാവുന്ന പ്രായോഗികമെച്ചങ്ങളും ആഹ്ളാദവും ആണ് വേറെ ചില കവിതകളുടെ വിഷയം. ജർമ്മൻ മഹാകവിയും നാടകകൃത്തുമായ ബ്രെഖ്ത് സാക്ഷരതയെക്കുറിച്ച് എഴുതിയ ഒരു കവിതയുടെ വിവർത്തനമാണ് മറെറാന്ന്. നിരക്ഷരതാ നിവാരണം സംബന്ധിച്ച ബഹുജന പ്രസ്ഥാനത്തിൽ ഫലപ്രദമായ ഒരായുധമായി കവിതയെ ഉപയോഗപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കാൻ കഴിയുമെന്നുമുള്ള ബോധം ഈ പുസ്തകം ഉളവാക്കുമെന്നു വിശ്വസിക്കുന്നു. ഈ രംഗത്ത് തങ്ങളുടെ സംഭാവന അർപ്പിക്കുവാൻ നമ്മുടെ കവികളെയും കലാകാരന്മാരെയും ഇത് പ്രേരിപ്പിക്കുമാറാകട്ടെ.

വില—50 പൈസ

സ്റേററ് റിസോഴ്സ് സെൻറർ
തിരുവനന്തപുരം—14